# JANMABHOOMI 21-11-2025

# യുവാക്കളെ ശാക്തീകരിക്കാൻ ഐസിഎആർ– സിഐഎഫ്ടി

കൊച്ചി: തൊഴിലില്ലായ്മ നേരിടുന്നവർക്കും പത്താം ക്ലാസ്-പ്ലസ് ടു യോഗ്യതയുള്ള യുവാക്കൾക്കും തൊഴിൽ അവസരങ്ങളിലേക്ക് വഴികാട്ടാൻ അപ്രന്റിസ്ഷിപ്പ് അവബോധ ശിൽപശാല സംഘടിപ്പിച്ച് കൊച്ചി ഐസിഎആർ-സിഐഎഫ്ടി. സോണൽ ടെക്നോളജി മാനേജ്മെന്റ് & അഗ്രിബിസിനസ് ഇൻക്യുബേഷൻ സെന്ററിന്റെയും സ്കിൽ ഡെവലപ്മെന്റ് & എന്റർപ്രണർഷിപ്പ് മന്ത്രാലയത്തിന്റെ കീഴിൽ പ്രവർത്തിക്കുന്ന ഫുഡ് ഇൻഡസ്ട്രി കപ്പാസിറ്റി ആൻഡ് സ്കിൽ ഇനിഷ്യേറ്റീവിന്റെയും സഹകരണത്തോടെയാണ് ശിൽപശാല സംഘടിപ്പിച്ചത്.

ശിൽപശാല എസ്ഇഎഐ കേരള റീജിയൻ പ്രസിഡന്റ് എം.ആർ. പ്രേമചന്ദ്ര ഭട്ട് ഉദ്ഘാടനം ചെയ്തു. ഐസിഎആർ സിഐഎഫ്ടി ഡയറക്ടർ ഇൻ-ചാർജ് ഡോ. എം.പി. രമേശൻ അധ്യക്ഷനായി. സോണൽ ടെക്നോളജി മാനേജ്മെന്റ് - എബിഐ സെന്ററിലെ പ്രിൻസിപ്പൽ ഇൻവെസ്റ്റിഗേറ്റർ ഡോ. സി.ഒ. മോഹൻ, എംപിഇഡിഎ ഡയറക്ടർ ഡോ. രാംമോഹൻ എം.കെ, എക്സ്പോർട്ട് ഇൻസ്പെക്ഷൻ ഏജൻസി ഇഐഎ ജോയിന്റ് ഡയറക്ടർ(ടെക്). രവി ശങ്കർ, നാഷണൽ സ്കിൽ ഡെവലപ്മെന്റ് കോർപ്പറേഷൻ മാനേജർ ശ്രീജിത ദത്ത, യുവശക്തി ഫൗണ്ടേഷനിലെ രാജേഷ് കൃഷ്ണരാജ്, പ്രീതി ശർമ്മ എന്നിവർ സംസാരിച്ചു.

പരിപാടിയിൽ പങ്കാളികളായവർക്ക് അപ്രന്റിസ്ഷിപ്പ് രജിസ്ട്രേഷൻ, തൊഴിൽ ലഭ്യത, വ്യവസായ അഭിരുചികൾ എന്നിവയെക്കുറിച്ച് സംശയനിവാരണത്തിനുള്ള അവസരമൊരുക്കി സംവാദ സെഷൻ സംഘടിപ്പിച്ചു.



അപ്രന്റിസ്ഷിപ്പ് അവബോധ ശിൽപശാല എസ്ഇഎഐ കേരള റീജിയൻ പ്രസിഡന്റ് എം.ആർ. പ്രേമചന്ദ്ര ഭട്ട് ഉദ്ഘാടനം ചെയ്യുന്നു